For Private Circulation Only

July 2026

ആഗമനാത്മാവ്

HOLY BIBLE

Vol.73

"നിങ്ങളുടെ വിശ്വാസവും പ്രത്യാശയും വെച്ചുകൊള്ളേണ്ടതിന് ദൈവം അവരെ മരിച്ചവരുടെ ഇടയിൽ നിന്ന് .....കൊടുത്തിരിക്കുന്നു" (1 പത്രൊ. 1:21)

No.7

വിശ്വാസത്തിന്റെ പ്രാർത്ഥനയുടെ രഹസ്യം

By Andrew Murray

" യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീ നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതു പോലെ സംഭവിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും എന്ന് നിങ്ങളോട് പറയുന്നു" മർക്കൊ.(11:22-24).

" ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ". ദൈവത്തിൽ വിശ്വസിക്കുക എന്ന് പറഞ്ഞാൽ ദൈവത്തിങ്കലേക്ക് നോക്കുക എന്നാണർത്ഥം, ആരാണ് അവിടുന്ന്, ദൈവത്തിനു കൊടുക്കുക, ദൈവം എന്നുള്ള നിലയിൽ അവിടുത്തേക്ക് പൂർണ്ണമായി പ്രവർത്തിപ്പാൻ സമർപ്പണം ചെയ്യുക, മനസു തുറന്ന് അവിടുത്തെ സ്നേഹത്തെ സ്വീകരിപ്പാനും സന്തോഷിപ്പാനും നമ്മെ സമർപ്പിക്കുക. ഇത് ദൈവവുമായിട്ടുള്ള ജീവിക്കുന്ന കൂട്ടായ്മയിലേക്ക് പ്രവേശിക്കുമ്പോൾ, അവിടുത്തെ കേൾക്കുന്ന, കാണുന്ന വിശ്വാസത്തോടെ എപ്പോഴും, അവിടുത്തെ സന്നിധിയിൽ എളുപ്പമായും സാധാരണമായ വിശ്വാസത്തോടെ പ്രാർത്ഥിക്കുക. വാഗ്ദത്തത്തിലുള്ള വിശ്വാസം എന്നത് വാഗ്ദത്തം ചെയ്തവനിൽ ഉള്ള വിശ്വാസമാണ്. വിശ്വാസത്തിന്റെ പ്രാർത്ഥന വിശ്വാസത്തിന്റെ ജീവനിൽ വേരൂന്നിയിരിക്കുകയാണ്. ഈ നിലയിൽ വിശ്വാസം ദൈവത്തിന്റെ കൃപയ്ക്കു വേണ്ടി പ്രാർത്ഥിക്കുകയാണ്. ഉടനെ അത് ചിലത് കാണിക്കയോ പ്രചോദിപ്പിക്കുകയോ അല്ല, എന്നാൽ കുറച്ചുകൂടെ ആഴത്തിൽ, സത്യത്തിന്റെ മനോഭാവത്തിൽ, അനുഗ്രഹിക്കപ്പെട്ട മനോഭാവം നമ്മിൽ സ്ഥാപിച്ചു വളർന്നു തന്നോടുള്ള കൂട്ടായ്മയുടെ ജീവനായി വളരുന്നു. നിശ്ചയമായും ഒരുവൻ തന്റെ പിതാവിനെ നന്നായി അറിയുന്നു, അവിടുത്തോട് നല്ല കൂട്ടായ്മ വെച്ചു പുലർത്തുന്നു. ഇത് നിസാര കാര്യമായി തന്റെ വാഗ്ദത്തത്തിൽ വിശ്വസിക്കുന്നു, തന്നിൽ വിശ്വസിക്കുന്ന മക്കൾക്ക് അവരുടെ ഇഷ്ടം അവിടുന്ന് നൽകുന്നു.

ഈ യാഥാർത്ഥ്യം അനേകർ മനസ്സിലാക്കാതെ വിശ്വാസ ജീവിതവും വിശ്വാസത്തിന്റെ പ്രാർത്ഥനയും അതിലൂടെയുള്ള പ്രാർത്ഥനയുടെ ശക്തിയും വളരെ പരിമിതപ്പെടുത്തിക്കളയുന്നു. ദൈവത്തിൽ നിന്നും ഒരു മറുപടി അവർ പ്രതീക്ഷിക്കുന്നു. അവരുടെ മുഴു ഹൃദയവും ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്കായി കാത്തിരിക്കുന്നു. പരമാവധി അതു പ്രാപിച്ചെടുക്കുവാൻ അവർ ശ്രമിക്കുന്നു. എന്നാൽ അവർ അതിൽ വിജയിക്കുന്നില്ല. തങ്ങളുടെ പ്രത്യാശ ഉപേക്ഷിക്കുവാൻ അവർ തയ്യാറാകുന്നു. വാഗ്ദത്തം സത്യമാണ്, എന്നാൽ വിശ്വാസത്തിൽ അത് ഏറ്റെടുക്കുവാനുള്ള കഴിവില്ല. എന്നാൽ യേശു ഇന്ന് നമ്മെ പഠിപ്പിക്കുന്ന പാഠം ശ്രദ്ധിക്കുക. ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ, ജീവിക്കുന്ന ദൈവത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട കാര്യത്തെക്കാൾ, ദൈവത്തെ നോക്കുക. ഇത് ദൈവത്തിന്റെ സ്നേഹമാണ്, തന്റെ ശക്തിയാണ്, തന്റെ ജീവനുള്ള സാന്നിധ്യം ഉണർന്ന് പ്രവർത്തിക്കുന്നു.

ദൈവത്തിന്റെ വെളിപ്പാട്

എത്ര വ്യക്തമായിട്ടാണ് പഴയനിയമ വിശുദ്ധന്മാരുടെ ജീവിതത്തിൽ ഇത് വെളിപ്പെട്ടിരുന്നത്. ഓരോ വിശ്വാസത്തിന്റെ ശക്തിയുടെ പ്രദർശനത്തിലും ദൈവിക വെളിപ്പാടിന്റെ ഓരോ പ്രത്യേക ഫലം ഉണ്ടായിരുന്നു. അബ്രഹാമിന്റെ ജീവിതത്തെ കാണുക: അതിന്റെ ശേഷം അബ്രഹാമിന് ദർശനത്തിൽ യഹോവയുടെ അരുളപ്പാട് ഉണ്ടായത് എന്തെന്നാൽ: " അബ്രഹാമേ ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവും ആകുന്നു". അതിന് അബ്രാം: കർത്താവായ യഹോവേ, നീ എനിക്കു എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശെക്കുകാരനായ ഈ എല്യേസർ അത്രേ എന്നു പറഞ്ഞു. അവൻ നിന്റെ അവകാശിയാകയില്ല; നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുന്നവൻ തന്നേ നിന്റെ അവകാശിയാകും. എന്നു അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി. പിന്നെ അവനെ അവൻ പുറത്തു കൊണ്ടു ചെന്നു; നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നു അവനോടു കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു: അതു അവന്നു നീതിയായി കണക്കിട്ടു. അതിന്റെ ശേഷം അബ്രഹാമിനു 99 വയസായപ്പോൾ ദൈവം അവനു പ്രത്യക്ഷനായി. അവനോട് ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു. നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക. എനിക്കും നിനക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും; നിന്നെ അധികമധികമായി വർദ്ധിപ്പിക്കും എന്നു അരുളി ചെയ്തു. അപ്പോൾ അബ്രഹാം സാഷ്ടാംഗം വീണു; ദൈവം അവനോടു അരുളിചെയ്തതെന്തെന്നാൽ: എനിക്കു നിന്നോടു ഒരു നിയമമുണ്ട്; നീ ബഹുജാതികൾക്കു പിതാവാകും;

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

വിശ്വാസത്തിന്റെ പ്രാർത്ഥനയുടെ രഹസ്യം

ഇത് ദൈവത്തിന്റെ വെളിപ്പാട് ആണ്, അതിലെ വാഗ്ദ ത്തം ജീവിപ്പിക്കുന്ന ശക്തിയായും അത് നമ്മുടെ ഹൃദയങ്ങളിൽ പ്രവേശിച്ച് വിശ്വാസത്തിന്റെ വേലക്കും കാരണമാകുന്നു. കാരണം അവർ ദൈവത്തെ അറിഞ്ഞു, ഈ വിശ്വാസം മനുഷ്യർക്ക് സ്വതവേ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എന്നാൽ അവർ ദൈവത്തിന്റെ വാഗ്ദത്തങ്ങളെ വിശ്വസിച്ചു.

ദൈവം ആരാണെന്ന് തന്റെ വാഗ്ദത്തങ്ങളിലൂടെ നാം അറിയുന്നു. ഈ മനുഷ്യൻ ദൈവമുമ്പാകെ നടന്നു, ദൈവം അവരോട് സംസാരിക്കുമ്പോൾ അവിടുത്തെ മുമ്പിൽ സാഷ്ടാംഗം വീഴുന്നു, അവർ യഥാർത്ഥമായി വാഗ്ദത്തങ്ങളെ ഏറ്റെടുക്കുന്നു. വേദപുസ്തകത്തിലെ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് പൂർണ്ണ സ്വാതന്ത്ര്യം അവർക്കുണ്ട്. ആവശ്യമുള്ള ആത്മശക്തിയും ദൈവം നമുക്കു തരുന്നു. തന്നോട് കൂടെ ജീവിക്കുന്നവരോടും നടക്കുന്നവരോടും അവിടുന്നു സംസാരിക്കുന്നു.

അതുകൊണ്ട് ദൈവത്തിൽ വിശ്വസിപ്പിൻ. എല്ലാ കണ്ണും ചെവിയും വിശ്വസിക്കട്ടെ, പൂർണ്ണമനസ്സോടെ ദൈവത്തിന് കീഴടങ്ങട്ടെ, താൻ പൂർണ്ണമായി തന്നെ വെളിപ്പെടുത്തി.യിരിക്കുന്നു. വലിയ അനുഗ്രഹങ്ങളിൽ ഒന്നായി ഇതിനെ എണ്ണി, ദൈവത്തിലുള്ള വിശ്വാസത്തെ അനുഭവമാക്കി, വിശ്വാസത്തിന്റെ വേല ശക്തിയോടെ ചെയ്യുക. ദൈവത്തിൽ അവിടുത്തെ കാണുക, അവിടുത്തെ സന്തോഷം തനിക്കു തന്നെ വെളിപ്പെടട്ടെ. ഇപ്രകാരം ദൈവത്തിൽ വിശ്വസിച്ചുകൊണ്ടുള്ള ആരാധന വേഗത്തിൽ തന്റെ വാഗ്ദത്തങ്ങളെ വിശ്വസിപ്പാൻ കാരണമാവുന്നു. എന്തെല്ലാം കാര്യങ്ങൾ നിങ്ങൾ ആഗ്രഹിക്കുന്നുവോ, നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ലഭിച്ചു എന്നു വിശ്വസിക്കുക, അത് നിങ്ങൾക്ക് കിട്ടും. അതെ, വിശ്വാസം ഉളവാക്കുന്ന ദൈവം നിങ്ങളുടെ സ്വന്തമാണ്. വാഗ്ദത്തവും നിങ്ങൾക്കുള്ളതാണ്.

വിലയേറിയ പാഠം യേശു നിങ്ങളെ പഠിപ്പിക്കുന്നു. ഞങ്ങൾ ദൈവത്തിന്റെ വരങ്ങളെ അന്വേഷിക്കുന്നു. ദൈവം ആദ്യമായി നമുക്കു തന്നെത്തന്നെ നൽകുന്നു. നാം പ്രാർത്ഥനയെക്കുറിച്ചു ചിന്തിക്കുന്നു, അതിന്റെ ശക്തി നമുക്കു സ്വർഗ്ഗത്തിൽ നിന്നും നല്ല വരങ്ങളെ കൊണ്ടു വരുന്നു; അതേ അർത്ഥത്തിൽ യേശു നമ്മെ സ്വർഗ്ഗത്തലേക്ക് കൊണ്ടുപോകു

(ശേഷം 3-ാംപേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല. പുത്രനോ എന്നേക്കും വസിക്കുന്നു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും. നിങ്ങൾ അബ്രഹാമിന്റെ സന്തതി എന്നു ഞാൻ അറിയുന്നു. എങ്കിലും എന്റെ വചനത്തിനു നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ നോക്കുന്നു. പിതാവിന്റെ അടുക്കൽ കണ്ടിട്ടുള്ളത് ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിനോട് കേട്ടിട്ടുള്ളത് നിങ്ങൾ ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു ” (യോഹ. 8:34-38).

2026 ജൂൺ മാസം നമ്മെ വിട്ട് കടന്നു പോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

“ ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. ” എന്ന് എബ്രായർ 13:5-ൽ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങളുടെ കണ്ണുകൾ യേശുവിങ്കലേക്ക് ഉയർത്തുക. നിങ്ങളുടെ ജീവിതത്തിതൽ ജയം നൽകേണ്ടതിന് കർത്താവ് നിങ്ങളോടുകൂടെ നടക്കും. ദൈവം നിങ്ങൾക്ക് ജയം നൽകും. യേശുക്രിസ്തുവിലൂടെ ദൈവം നിങ്ങൾക്ക് ജയം നൽകുന്നു. മരണവേദനകളെ അതിജീവിക്കുകയും മരണത്തിലേക്ക് നയിക്കുന്ന പാപത്തെ ജയിക്കുകയും ചെയ്ത കർത്താവാണ് യേശുക്രിസ്തു.

ഈ ലോകത്തിലെ പരീക്ഷകളെ നിങ്ങൾ അതിജീവിക്കുക. 1യോഹ. 5:4. നമുക്ക് ഉറപ്പ് നൽകുന്നു.ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ശത്രുവിന്റെ ആക്രമണങ്ങളും ജീവിതത്തിലെ കഷ്ടപ്പാടുകളും നിങ്ങളുടെ ജീവിതത്തിൽ നിലനിൽക്കുകയില്ല. ശത്രുവിന്റെ മേൽ ജയം നേടുന്നതിന് സ്ഥിരതയോടെ കർത്താവിനോടൊപ്പം നടക്കേണ്ടത് ആവശ്യമാണ്. നിങ്ങളെ എതിർക്കുന്നവരെ സ്നേഹിക്കുന്നതും ക്ഷമിക്കുന്നതും അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതും തുടരുക.

ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ നിങ്ങൾക്കായി കാത്തിരിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ധൈര്യത്തോടെ നടക്കുക. തന്റെ ജയത്തിൽ ജീവിക്കുക.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

ആഗമനദൂതൻ മാസിക വായിച്ച് ദൈവം നിങ്ങളെ അനുഗ്രഹിച്ചുവെങ്കിൽ ഞങ്ങൾക്ക് എഴുതണം. അതുപോലെ ഞങ്ങൾക്കെഴുതുക. മറുപടി എഴുതാം. പ്രാർത്ഥിക്കാം. നിങ്ങളുടെ കത്ത് പ്രതീക്ഷിച്ചുകൊണ്ട്

ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

വിശ്വാസത്തിന്റെ പ്രാർത്ഥനയുടെ രഹസ്യം

ന്നു. നാം വാതിലിൽ നിന്നു നിലവിളിക്കേണം. നമ്മെ ആദ്യം പ്രവേശിപ്പിക്കുന്നു, മക്കളും സ്നേഹിതരും എന്നുള്ള പദവി യാഥാർത്ഥ്യമാക്കുന്നു. നമുക്ക് ആ പഠിപ്പിക്കൽ അംഗീകരിക്കാം. വിശ്വാസത്തിന്റെ പ്രാർത്ഥനയിൽ വരുന്ന കുറവുകളെ ബോദ്ധ്യപ്പെടുത്തി കൂടുതൽ വിശ്വാസമുള്ളവരായിത്തീരുന്നതിനും ഇപ്രകാരമുള്ള വിശ്വാസമുള്ളവർ ദൈവത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുന്നവരും ആകുന്നു. നിറഞ്ഞ ദൈവശക്തി വിശ്വാസത്തിനും പ്രാർത്ഥനയ്ക്കും കാരണമാവുന്നു. ദൈവത്തിലുള്ള വിശ്വാസം വാഗ്ദത്തങ്ങളെ വിശ്വസിപ്പാൻ കാരണമാകുന്നു, വാഗ്ദത്തങ്ങളിൽ കൂടെ പ്രാർത്ഥനയ്ക്ക് മറുപടി വരുന്നു.

സമയമെടുക്കുക

അതുകൊണ്ട് ദൈവമക്കൾ സമയമെടുക്കണം, അവിടുത്തെ മുമ്പിൽ വണങ്ങേണം, തന്റെ വെളിപ്പാടിനയി കാത്തിരിക്കണം. സമയമെടുക്കേണം, നിങ്ങളുടെ ഹൃദയം പരിശുദ്ധനായ ദൈവത്തെ ആരാധിക്കുകയും നിങ്ങളുടെ വിശ്വാസത്തെ നിത്യനായി ദൈവത്തിൻ മുൻപാകെ നിങ്ങളുടെ വിശ്വാസത്തെ വെളിപ്പെടുത്തുകയും താൻ ആയിരിക്കുന്നതുപോലെ, തന്റെ ധനത്തിനൊത്തവണ്ണം വിശ്വാസത്തിന്റെ പ്രാർത്ഥന നിങ്ങളെ കിരീടം അണിയിക്കട്ടെ.

" കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ ദൈവമേ ഞാൻ അങ്ങയെ വിശ്വസിക്കുന്നു. എന്റെ പിതാവായി അങ്ങയെ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ സ്നേഹവും ശക്തിയും നിത്യമാണ്. ദൈവപുത്രൻ എന്ന നിലയിൽ എന്റെ വീണ്ടെടുപ്പും എന്റെ ജീവനും ആകുന്നു. പരിശുദ്ധാത്മാവ് എന്ന നിലയിൽ ആശ്വാസപ്രദനും സഹായകനും എന്റെ ബലവും ആകുന്നു. അവിടിന്ന് ആകുന്നു എനിക്ക് എല്ലാം എന്ന് ഞാൻ നന്നായി അറിയുന്നു. ത്രിതേയക ദൈവമേ, ഞാൻ അങ്ങയെ വിശ്വസിക്കുന്നു. അവിടുന്ന് വാഗ്ദത്തങ്ങൾ ചെയ്യുക മാത്രമല്ല അതിനെ ചെയ്യുന്നവനും ആകുന്നു.

കർത്താവായ യേശുവേ! എന്റെ ഈ വിശ്വാസത്തെ വർദ്ധിപ്പിച്ചു തരേണമേ. സമയമെടുക്കാൻ എന്നെ പഠിപ്പിക്കേണമേ. വിശുദ്ധ സാന്നിദ്ധ്യത്തിൽ അങ്ങയെ ആരാധിപ്പാനും കാത്തിരിക്കുവാനും എന്നെ സഹായിക്കേണമേ, എല്ലാറ്റിനും എന്റെ ദൈവമാണെന്ന് അറിയുവാൻ എന്നെ സഹായിക്കേണമേ. ജീവന്റെ ഉറവിടമായവനെ ഞാൻ കാണട്ടെ, സർവ്വശക്തിയാൽ പ്രവർത്തിക്കുന്നവൻ തന്റെ ഇഷ്ടം ലോകത്തിലും എന്നിലും നിറവേറ്റുന്നവൻ. എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റുവൻ കഴിവുള്ളവനെ ഞാൻ കാണട്ടെ. കർത്താവായ യേശുവേ, സഹായിക്കേണമേ! പൂർണ്ണ ഹൃദയത്തോടെ ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഓരോ നിമിഷവും ദൈവത്തിലുള്ള വിശ്വാസം എന്നിൽ നിറയട്ടെ.

വാഴ്ത്തപ്പെട്ട രക്ഷകാ! എങ്ങനെയാണ് സഭ അങ്ങയെ മഹത്വപ്പെടുത്തുന്നത് എങ്ങനെയാണ് മദ്ധ്യസ്ഥതയുടെ പ്രവൃത്തിയിലൂടെ നിന്റെ രാജ്യം വരേണമേ എന്ന് പ്രാർത്ഥിക്കുന്നത്, വിശ്വാസം കൂടാതെ ഇവയൊന്നും സാധ്യമല്ല. വാഴ്ത്തപ്പെട്ട കർത്താവേ, സംസാരിക്കേണമേ, " ദൈവത്തിൽ വിശ്വസിപ്പിൻ ഹൃദയത്തിന്റെ ആഴങ്ങളിൽ. ആമേൻ. ❖

ഉറച്ച വിശ്വാസം നമുക്കുണ്ടെങ്കിൽ അത്യാവശ്യവും തന്റെ വചനത്തിലുള്ള ഉറച്ച വിശ്വാസവും ഉണ്ടായിരിക്കും. ഒരിക്കലും സംശയിക്കുകയില്ല. സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ തൃജിച്ചുകളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ (എബ്രാ. 3:12).

മാനുഷികമായ ജ്ഞാനത്തിനു മുമ്പിൽ വിശ്വാസം തടസ്സപ്പെടുന്നു. സ്വയതൃപ്തി, മറ്റു ഉറവിടങ്ങളിലുള്ള ആശ്രയം ദൈവത്തിന്റെ വചനം ഒഴികെ, വിശ്വാസത്തിന്റെ തടസങ്ങളാണ്. കാഴ്ചയാൽ, അനുഭവത്താൽ, ദൈവത്തിന്റെ വചനത്തിലൂപരിയുള്ള നിരന്തരമായ തെളിവുകളിലുള്ള ആശ്രയത്താൽ വിശ്വാസം തടസപ്പെടുന്നു. വിശ്വാസം ദൈവവചനത്തിൽ മാത്രം പ്രവർത്തിക്കുന്നു. എല്ലാ വിശ്വാസത്തിന്റെയും പ്രവൃത്തികളും ദൈവവചനത്തിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്.

A.D.Simpson

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക — *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

ശക്തിയേറിയ വിശ്വാസം ആവശ്യം

By James A.Stewart

വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിശ്വാസം എന്നത് വളരെ പ്രാധാന്യം ഉള്ള വസ്തുതയാണ്. എബ്രായലേഖനം 11-ാം അധ്യായത്തിൽ നാം കാണുന്നത് വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴികയില്ല എന്നാണ്.

ഹാനോക്കിന്റെ ജീവിതം രണ്ട് വാചകങ്ങളിൽ വിവരിക്കുന്നു. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു, അവൻ ദൈവത്തോടു കൂടെ നടന്നു (എബ്രാ. 11:5, ഉല്പ. 5:24). ദൈവത്തെ മഹത്വപ്പെടുത്തുക എന്നത്. ഓരോ വിശുദ്ധീകരിക്കപ്പെട്ട ആത്മാവിന്റെയും ആഗ്രഹമാണ്. അനുദിന ജീവിതത്തിൽ ഹാനോക്ക് പാപികളുടെ നടുവിൽ വേർപ്പെട്ട ജീവിതം നയിച്ചത് ദൈവത്തെ പ്രസാദിപ്പാനല്ലേ? വിശ്വാസം കൂടാതെ ഒരുവന് ദൈവത്തിന്റെ കൂട്ടായ്മയിൽ നടക്കുവാൻ കഴിയുകയില്ല. എബ്രായ ലേഖനകാരൻ ഹാനോക്കിന്റെ സാക്ഷ്യത്തോടുള്ള ബന്ധത്തിൽ സ്ഥാപിക്കുന്നത്, വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ” (എബ്രാ. 11:6).

മറ്റുള്ളവർ ഹാനോക്കിനെ പരിഹസിച്ച സ്ഥാനത്ത് ഹാനോക്ക് ദൈവത്തിൽ വിശ്വസിച്ചു. ദൈവമുണ്ടായിരുന്നു എന്ന് വിശ്വസിക്കുവാൻ എളുപ്പമാണ്. നാം അവിടുത്തെ ശക്തിയേറിയവ എന്നും സഭയുടെ ചരിത്രത്തിൽ ഇന്നും ജീവിക്കുന്ന ദൈവമെന്നു നാം വിശ്വസിക്കേണ്ടതല്ലയോ?

തങ്ങളുടെ ജീവിതത്തിലൂടെ വിശ്വാസം പൂർത്തീകരിച്ച സാധാരണക്കാരായ സ്ത്രീകളും പുരുഷന്മാരും നമ്മുടെ അകത്തെ മനുഷ്യനെ അത്ഭുതപ്പെടുത്തുന്നു. വിശ്വാസത്താൽ അവർ: ചോദിക്കുന്നു: ദൈവത്തിന്റെ വചനത്തിൽ ആശ്രയിക്കുന്നു. അതുകൊണ്ട് എന്ത്, “ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” (റോമ. 10:17).

നിങ്ങൾ ഒരു പ്രാർത്ഥനയ്ക്കു പോകുമ്പോൾ ബൈബിൾ കരങ്ങളിൽ എടുക്കേണം, ദൈവം നിങ്ങളുടെ ജീവിതത്തിൽ തന്റെ പ്ലാനും പദ്ധതികളും നേരിട്ട് അറിയിക്കുന്നു. ദൈവം ഒരിക്കലും വാഗ്ദത്തം കൂടാതെ നമ്മോട് ആജ്ഞാപിക്കുകയില്ല. ഈ വാഗ്ദത്തം നിങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനമായി മാറുന്നു. ഇത് ഒരു ഉറപ്പാണ്. ദൈവം പറയുക മാത്രമല്ല പറഞ്ഞത് നിവർത്തിക്കുക തന്നെ ചെയ്യും വിശ്വാസം ഹൃദയത്തിൽ പറയും. “ആമേൻ, കർത്താവേ,,അവിടുന്ന് ഇത് പറഞ്ഞിരിക്കുന്നു; ഞാൻ അതിനെ ആലിംഗനം ചെയ്യുന്നു, അതിന്മേൽ പ്രവർത്തിക്കുന്നു. അതെ, വിശ്വാസം ദൈവത്തെ അവിടുത്തെ വചനത്തിൽ ഏറ്റെടുക്കുന്നു.

2. ദൈവവചനത്തിൽ ചുവടുവയ്ക്കുന്ന പ്രവൃത്തിയാണ് വിശ്വാസം. വിശ്വസത്താൽ, അബ്രഹാം, വിളിക്കപ്പെട്ടപ്പോൾ, അനുസരിച്ചു. പോകാനുള്ള വഴി പറഞ്ഞുതരേണമേ എന്ന് കാത്തിരുന്നില്ല. എന്നാൽ പുറപ്പെട്ടു. വിശ്വാസം സജീവമാണ്. നിർജീവമല്ല. വാഗ്ദത്തം ലഭിച്ചയുടനെ വിശ്വാസം പ്രവർത്തിപ്പാൻ തുടങ്ങുന്നു. നാം ശ്രദ്ധിക്കുക, പഴയനിയമവിശുദ്ധന്മാർ ദൈവത്തിന്റെ ഇഷ്ടത്തിനു സമർപ്പിക്കപ്പെട്ടു, വിളിക്കപ്പെട്ടു, തെരഞ്ഞെടുക്കപ്പട്ട വേലയ്ക്കു വേണ്ടി നിയോഗിച്ചു. അവർ പൂർണ്ണ ഉറപ്പോടെ മുന്നോട്ടു പോയി. “അവൻ വാഗ്ദത്തം ചെയ്തതു നിവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറെച്ചു”.

ഇപ്രകാരമുള്ള വിശ്വാസമാണ്, നൂറുകണക്കിന് അനാഥ ബാല്യങ്ങളെ പോറ്റുവാൻ തക്കവണ്ണം ഒരു ഉറവിടവും കാണാതെ ജോർ ജ്ജ് മുള്ളർ ഏറ്റെടുത്തത്. ഈ വിശ്വാസമാണ് ചൈനയിൽ നിഷ്യനറിമാരെ അയക്കുവാനുള്ള ഉത്തരവാദിത്വം ഹഡ്സൻ ടെയിലർ ഏറ്റെടുത്തത്. ഇന്നും ഈ വിശ്വാസത്തോടുകൂടെ വേല ചെയ്യുവാൻ കർത്താവ് ആളുകളെ വിളിക്കുന്നു.

3. മനസും ഹൃദയവും ദൈവത്തിലുറച്ചു ജീവിതങ്ങളെ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ കാക്കുവാനുള്ള മനോഭാവമാണ് വിശ്വാസം. വിശ്വാസം എന്നത് മനസ്സിന്റെ ഒരു ഉപാധിയാണ്. അതിലൂടെ മനുഷ്യൻ ആത്മാവിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു, അത് വിശ്വാസപ്രമാണങ്ങളെ സ്വഭാവത്തെ, ഇടപെടലുകളെ സ്വീകരിക്കുന്നു.

1904-ലെ വെൽഷ് ഉണർവുകളിൽ ഓരോ പ്രാർത്ഥനായോഗത്തിൽ സംബന്ധിക്കുമ്പോഴും, പരിശുദ്ധാത്മാവിന്റെ ശക്തിയേറിയ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൂടി വന്ന അനുഗ്രഹിക്കപ്പെട്ട സംഭവങ്ങൾ ഇതിനു ദാഹരണങ്ങളാണ്. ഇവാൻ റോബർട്സ് എന്ന ദൈവദാസനു കിട്ടിയ വചനത്തന്റെ വെളിപ്പാട് അനുസരിച്ച് തന്റെ ജീവിതത്തെ പ്രതീക്ഷയോടെ ക്രമീകരിച്ചത് ഈ വിശ്വാസം തനിക്ക് ലഭിച്ചതിനാലാണ്. ഒരു ദിവസം തന്റെ വിശ്വാസത്തിന് പ്രതിഫലമായി, പരിശുദ്ധാത്മാവ് വാഗ്ദത്തം പോലെ വന്ന് താൻ ചെയ്യേണ്ട പ്രവൃത്തിയെ ഏറ്റെടുത്തു.

ദൈവത്തിൽ നിന്നും ദർശനം പ്രാപിച്ച് ഒരു മിഷ്യനറി ദൈവത്തിന്റെ പ്ലാനും ഉദ്ദേശങ്ങളും നിറവേറ്റാൻ ഒരു പ്രത്യേക സ്ഥലത്ത് കാത്തിരുന്നു, ദൈവത്തിന് ഒരു പ്രത്യേക സ്ഥലത്ത് ദൈവത്തിന്റെ കല്പനയ്ക്ക് വിധേയപ്പെട്ട് പുറപ്പെടുന്നു.

ഓരോ ചിന്തയും, ഓരോ പദ്ധതിയും വിശ്വാസ മനുഷ്യൻ, ദൈവത്തിന്റെ വാഗ്ദത്തമോ കല്പനയോ ദിശാബോധം നൽകി പറഞ്ഞയയ്ക്കുന്നു. ഹഡ്സൻ ടെയിലർ ഇങ്ങനെ പറയുന്നു, ദൈവത്തിന്റെ മനുഷ്യൻ ദൈവത്തിന്റെ സ്ഥലത്ത് ദൈവത്തിന്റെ വേല ചെയ്യുമ്പോൾ ദൈവത്തിന്റെ സഹായത്തിന് കുറവും വരികയില്ല.

4. വിശ്വാസം എന്നത് മനസിന്റെ ഇപ്പോഴത്തെ സന്തോഷമാണ് ഭാവിയുടെ പ്രത്യാശയാണ്, ഒരു വാഗ്ദത്തത്തിന്റെ നിറവേറലാണ്. “വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ്” (എബ്രാ. 11:1).

വാക്കിന്റെ അർത്ഥം ഏറെ താല്പര്യമുള്ള ഒരു വസ്തു എന്നാണ്. ഒരു വസ്തു എന്ന് തർജ്ജമ ചെയ്തിരിക്കുമ്പോൾ പലപ്പോഴും ഇതിനെ ആധാരത്തിന്റെ തലക്കെട്ട് നമുക്കു ലഭിക്കുവാനുള്ള സ്വത്തിന്റെ ഉറപ്പിനെ കാണിക്കുന്നു.

എല്ലാ വിധ കാര്യങ്ങൾക്കുവേണ്ടി ഒരുവൻ പ്രതീക്ഷിക്കുന്ന. വീട്ടുപകരണങ്ങളോ, കോടീശ്വരനാകാനുള്ള പ്രതീക്ഷയോ, ഒരു വലിയ ഭാവി പ്രതീക്ഷ ആകാം. നമുക്കു ലഭിക്കുവാനുള്ള സ്വത്തിന്റെ ആധാരമോ മറ്റുള്ളവരുടെ ധനമോ, വലിയ ഒരു പ്രതീക്ഷയോ ആകാം.

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ശക്തിയേറിയ വിശ്വാസം ആവശ്യം

ആധാരം, നമുക്കു ലഭിക്കുവാനുള്ള സ്വത്തിന്റെ ഉറപ്പാണ്. ഇപ്രകാരമുള്ള വിശ്വാസം. ഇപ്രകാരമുള്ള വിശ്വാസം നമ്മുടെ പ്രതീക്ഷകളുടെ ഉറപ്പാണ്. വിശ്വാസം ഭാവിയെ അടുത്തറിയിക്കുമാറാക്കുന്നു, അപ്പോൾ തന്നെ അദൃശ്യവുമാണ്.

ഇക്കാരണത്താൽ, പല വിശ്വാസ വീരന്മാരും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. വിശ്വാസത്തിന്റെ ആളുകൾ സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും ദൈവത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ചാണ്. അത് നിശ്ചയമായും നിറവേറിയതാണ്. വിശ്വാസത്തിന്റെ ദൃഷ്ടിയിൽ കെട്ടിടങ്ങൾ ഉയർന്നു കാണുന്നു, വിശ്വാസികൾ രക്ഷിക്കപ്പെട്ടു കാണുന്നു. അവർ ഈ കാര്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നില്ല, പിന്നെയോ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറിയതിൽ സന്തോഷിക്കുന്നു.

ഒരു അനുഗ്രഹിക്കപ്പെട്ട മിഷ്യനറി ആഫ്രിക്കയിൽ നിന്നും സ്കോട്ട്ലന്റിലുള്ള കൂട്ടുകാർക്കെഴുതി . ഒരു കൂട്ടായ്മ യോഗത്തെക്കുറിച്ച്. എന്നാൽ ആ സമയം ഒരു വ്യക്തിപോലും രക്ഷിക്കപ്പെട്ടതായി ഉണ്ടായിരുന്നില്ല. ഉടനെ ഒരു മറുപടിയായി ഒരു പാഴ്സൽ അയച്ചുകൊടുത്തു. ഇരുന്ന് എല്ലാവർക്കും ഒരുമിച്ച് കർത്താവിന്റെ മരണത്തെ ഓർക്കുവാനുള്ള ഒരു വരിയായിരുന്നു അത്.

എബ്രായലേഖനം 11-ാം അധ്യായത്തിലുടനീളം നാം കാണുന്നത് വിശ്വാസത്തിന്റെ ടെലിസ്കോപ്പുകളും യാഥാർത്ഥ്യത്തിന്റെ കാഴ്ചകളുമാണ്. ഉദാഹരണമായി അബ്രഹാം ഒരു നഗരത്തിനായി കാത്തിരുന്നു. ദൈവം ശിൽപിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരം (വാക്യം 10). ഈ വിശുദ്ധ നഗരം കണ്ണുകൾക്ക് ആനന്ദം പകരുന്നതാണ്. അതിലെ ഒരു പൗരൻ എന്ന നിലയിൽ നാമും സന്തോഷിക്കുന്നു. ഇത് ഒരു യാത്രക്കാരനെ ഹൃദയത്തിൽ സന്തോഷവും ഉല്ലാസവും ഉള്ളവരാക്കിത്തീർക്കുന്നു.

അതെ, ദൈവം വിശ്വാസത്തിന്റെ ആത്മാവിനാൽ നമ്മെ അഭിഷേകം ചെയ്യുമാറാകട്ടെ, അന്ധകാരത്തിന്റെ ദുഷ്ടാത്മ സേനയോട് വിശ്രമം കൂടാതെ പോരാടുവാൻ ദൈവം നമുക്ക് കൃപ നൽകുമാറാകട്ടെ. വിശ്വാസത്തിന്റെ ധീര പടയാളികളായി സാത്താനോടും അവന്റെ ശക്തിയോടും പോരാടാം. പ്രിയ സഹോദരീ സഹോദരന്മാരേ, ഈ ഇരുണ്ട മണിക്കൂറുകളിൽ നമുക്കു തനിച്ച് ദൈവത്തോടുകൂടെ നടക്കാം. അവിടുത്തെ വിശുദ്ധ പുസ്തകവുമായി പോകാം. അവിടുന്ന് നേരിട്ട് നമ്മോടു സംസാരിക്കും, വ്യക്തമായ വഴിയിൽ സംസാരിക്കാം, മുട്ടിന്മേൽ നിന്നും എഴുന്നേൽക്കും, അപ്പോൾ നാം അറിയും, അവിടുന്ന് പേരുപറഞ്ഞു എന്നോട് സംസാരിക്കും. ഞങ്ങൾ സ്വർഗ്ഗത്തിൽ നിന്നും കേട്ടതിൽ ഒരു സംശയത്തിന്റെ നിഴൽ പോലുമില്ല. അങ്ങനെ ഞാൻ പ്രാർത്ഥിപ്പാനും ദൈവത്തിൽ നിന്നും ഒരു വാഗ്ദത്തം പ്രാപിപ്പാനും വിശ്വാസം പ്രാവർത്തികമാക്കുവാനും ഇടയായി.

വിശ്വാസം, ശക്തമായ വിശ്വാസം, ആ വാഗ്ദത്തം കാണുന്നു.

തനിയേ ദൈവത്തിങ്കലേക്ക് നോക്കുന്നു,

അസാദ്ധ്യതകളെ നോക്കി ചിരിക്കുന്നു, പറയുന്നു, ഇത് സംഭവിക്കും.

❖

അനുദിനവും വിശ്വാസത്തിൽ നടക്കുക

By James H Mc Conkey

ദൈവത്തിന് സമർപ്പിക്കപ്പെട്ട ദാസൻ, സ്വയ ആശ്രയമെല്ലാം ഞാൻ അവസാനിപ്പിക്കുന്നു എന്നത് എന്നിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നതാണ്. എന്റെ ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിൽ ഞാൻ പൂർണ്ണ ആശ്രയം വെക്കേണ്ടതുമാണ്. ഞാൻ അത് പഠിച്ച്, അതായത് എന്റെ ജഡത്തിൽ, അത് അല്പം പോലും എന്റെ ജീവിതത്തിലില്ല എന്ന് ഞാൻ വെളിപ്പെടുത്തി. ദൈവമാണ് എന്റെ ആത്മീക ജീവിതത്തിന്റെ സർവ്വവും എന്ന് വെളിപ്പെടുത്തി അവിടുന്ന് ആത്മാവ് എന്നിൽ വസിക്കുന്നു എന്ന് ഞാൻ അറിയുന്നു. ക്രിസ്തു ഇല്ലാത്ത ജീവിതം ആത്മീയ പാപ്പരത്വം ആണ്.

എന്റെ പുതുജീവിതത്തിന്റെ തത്വം ഇതാണ്. എന്നിൽ വസിക്കുന്ന കർത്താവിൽ ഞാൻ ആശ്രയിക്കേണം. അവിടുന്ന് എന്റെ ജ്ഞാനം, എന്റെ ജീവൻ, എന്റെ വെളിച്ചം. എന്നിൽ വസിക്കുന്ന ആത്മാവ് എന്റെ ജീവിതത്തെ നിയന്ത്രിക്കുന്നു എന്നത് അവിടുന്ന് നൽകുന്ന ഉറപ്പാണ്. ആത്മാവ് എന്നെ നയിക്കും, ആത്മാവ് എന്നെ പഠിപ്പിക്കും, ആത്മാവ് എന്നെ ശുദ്ധീകരിക്കും. അവിടുന്ന് ക്രിസ്തുവിനെ എന്നിൽ വെളിപ്പെടുത്തും. തന്റെ വേലയ്ക്കു വേണ്ടി അവിടുന്ന് എന്നെ ഒരുക്കും. അവിടുന്ന് എന്നിലൂടെ സംസാരിക്കും; അവിടുന്ന് ദൈവത്തിന്റെ വേലകൾ എന്നിലൂടെ ചെയ്യും. ഞാൻ ക്രിസ്തുവിൽ വളരാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും എല്ലാ സമയത്തും എനിക്ക് ചെയ്തു തരും.

ഓരോ ദിവസവും ഞാൻ ചെയ്യുവാനുള്ളത് എന്ത് എന്ന് അവിടുന്ന് മുന്നമേ പ്ലാൻ ചെയ്തിരുന്നു. എന്റെ പുതിയ ജീവിതത്തിനു വേണ്ടി ഞാൻ എല്ലാം വിടണം ആയിരുന്നു. പഴയ ജീവിതത്തിൽ ഞാൻ എന്നിൽ തന്നെ എല്ലാറ്റിനും ഞാൻ ആശ്രയിച്ചു. എന്റെ ബലത്തിൽ, എന്റെ നടത്തിപ്പിൽ, എന്റെ ജ്ഞാനത്തിൽ പുതിയ ജീവിതത്തിൽ ഞാൻ എന്റെ ദൈവത്തിൽ, എന്റെ ദൈവത്തിൽ മാത്രം ആശ്രയിക്കുന്നു.

അവിടുന്ന് മുഴുവനായി എന്റെ നടത്തിപ്പുകാരൻ. എന്റെ നടത്തിപ്പു അവിടുന്നു. എന്റെ അദ്ധ്യാപകൻ, ഞാൻ അവിടുത്തെ വിദ്യാർത്ഥി, അവിടുന്ന് പ്രവർത്തിക്കുന്നവൻ, ഞാൻ അവിടുത്തെ കരങ്ങളിലെ ഒരു ഉപകരണം; അവിടുന്ന് കുശവൻ, ഞാൻ കളിമണ്ണു. ആകയാൽ എന്റെ ജീവിതത്തിന്റെ നടത്തിപ്പും എന്റെ സമ്പത്തും അവിടുന്ന് എനിക്ക് എല്ലാറ്റിനും എല്ലാം അവിടുന്ന് ആകുന്നു. പോളീഷ് ചെയ്യുന്ന ആളിന്റെ പരുക്കൻ കല്ലിനെപ്പോലെ, എന്തു തന്നെ നേരിട്ടാലും ദൈവത്തിന്റെ കരങ്ങളിൽ താണിരിക്കും. വിജയാരവരങ്ങൾക്കു പകരം കഷ്ടതയാണെങ്കിലും കഠിനമായ പരിശോധന, മാർമ്മികമായ കരുതലുകൾ, അനിശ്ചിതമായ ഭാവികൾ ഒക്കെയായിരിക്കാം. ഞാൻ പറയും കഷ്ടതയാണെങ്കിലും നഷ്ടമാണെങ്കിലും, അവിടുത്തെ ഇഷ്ടം നടക്കട്ടെ. ഞാൻ പഠിക്കും, “ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നത്, ഉള്ള അവസ്ഥയിൽ അലംഭാവത്തോടെ ഇരിക്കാനും ഞാൻ പഠിച്ചിട്ടുണ്ട് ”. (ഫിലി. 4:11).

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

അനുദിനവും വിശ്വാസത്തിൽ നടക്കുക

അനേകർ ദൈവത്തിന്റെ കരങ്ങളിൽ ശുശ്രൂഷകന്മാരായിരിപ്പാൻ ആഗ്രഹിക്കുന്നവരുണ്ട്, എന്നാൽ അവിടുത്തെ കരത്തിൻ കീഴിൽ ശുദ്ധീകരണം പ്രാപിപ്പാൻ താൽപര്യമില്ല. വേലക്കിറങ്ങാൻ അനേകർക്ക് താല്പര്യമുണ്ട്. പക്ഷേ തീച്ചൂളയിൽ കയറി അവിടുത്തെ കരങ്ങളിൽ രൂപപ്പെടുവാൻ കഴിയുന്നില്ല. ശുശ്രൂഷ ചെയ്യുവാൻ അനേകർക്ക് മനസുണ്ട്, എന്നാൽ ക്ഷമയോടുകൂടി സഹിഷ്ണതയോടുകൂടി കാര്യങ്ങളെ നേരിടുവാൻ അവർക്ക് സാധ്യമല്ല. ദൈവത്തോടുള്ള സമർപ്പണത്തിന്റെ ഭാഗമായി ദൈവത്തിന്റെ തെരഞ്ഞെടുപ്പു ജീവിതത്തിന്റെ ഭാഗമാക്കി ജീവിതത്തിന്റെ സമർപ്പണത്തിലേക്ക് വരിക. കഠിനമായ പരിശോധനയുടെ ഭാഗമായി, കഷ്ടതയ്ക്കായി തന്റെ പുത്രനെ മരുഭൂമിയിലേക്ക് നടത്തി. വേലക്കാരൻ ഒരിക്കലും യജമാനനു മീതെയല്ല. എനിക്ക് ഏതാണ് നല്ലതെന്ന് ദൈവത്തിനറിയാം. അതുകൊണ്ട്, സമർപ്പിച്ചശേഷം എന്റെ ജീവിതത്തിൽ വരുന്ന ഓരോ കാര്യങ്ങളും, അതികഠിനവും അസഹനീയമെങ്കിലും ഞാൻ ക്ഷമയോടുകൂടി സമർപ്പിക്കുമ്പോൾ ദൈവം എന്റെ സുദ്ധീകരണത്തിനായി, ബലത്തിനായി, ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയ്ക്കായി എല്ലാ കാര്യങ്ങളും ചെയ്യുന്നു.

" വർത്തമാന കാല സാഹചര്യത്തിൽ, അത് നിങ്ങൾക്കെതിരെ വളരെ ശക്തമാണെങ്കിലും (നിങ്ങൾ ക്രിസ്തുവിനും സമർപ്പിക്കപ്പെട്ട ഒരാളാണെങ്കിൽ) നിത്യതക്കു വേണ്ടി അപ്പന്റെ കയ്യിലെ ഒരു ഇണങ്ങിയ ആയുധമായിരിക്കും. അപ്പോൾ അവിടുത്തെ ആശ്രയിക്കാം. അപ്പന്റെ കയ്യിൽ അവിടുത്തെ പ്രവൃത്തിക്കുവേണ്ടി നമ്മെ സമർപ്പിക്കാം.

അകാരണമായ വേറെ ചില കാര്യങ്ങളും ഉണ്ടായിരിക്കും. എന്റെ പൂർണ്ണ ഇഷ്ടം ഇല്ലാതെ ദൈവഹിതത്തിനായി എന്നെ സമർപ്പിച്ചു. അടുത്ത ദിവസം പരിശോധനകളും കഷ്ടങ്ങളും പ്രയാസങ്ങളും കടന്നു വന്നു. ഇരുപത്തി നാലു മണിക്കൂർ കഴിയുന്നതിനു മുമ്പേ ഞാൻ പറഞ്ഞു, "കർത്താവേ എന്റെ ഇഷ്ടം അല്ല, എന്നാൽ അവിടുത്തെ ഇഷ്ടം". ദൈവത്തിലുള്ള വിശ്വാസം നഷ്ടമാക്കിക്കളഞ്ഞു.

എന്നാൽ ഒരു യഥാർത്ഥ സമർപ്പിക്കപ്പെട്ട ദൈവപൈതലായി ദൈവത്തിന് കൊള്ളാകുന്നവനായി ജീവിപ്പാൻ സമർപ്പണത്തോടുകൂടെ നമ്മെ ഏല്പിക്കാം.

ദൈവ ഇഷ്ടം ചെയ്യുക

എനിക്ക് ദൈവത്തിന്റെ ഇഷ്ടം ചെയ്യേണം. ഒരു ജോലിക്കാരന് ചില സമ്മാനങ്ങൾ അനുവദിച്ചു നൽകിയാൽ അവൻ ഉത്സാഹിച്ച് തന്റെ വേല ചെയ്യുന്നതു കാണാം, എന്നാൽ ഞാൻ അതിന് സമർപ്പിക്കപ്പെട്ടവൻ എന്ന നിലയിൽ ഞാൻ ഉത്സാഹത്തോടെ ചെയ്യും. അതുകൊണ്ട് എന്ത് ഞാൻ അതിനുവേണ്ടി സമർപ്പിക്കപ്പെട്ടവൻ അല്ലയോ? നാം നമ്മുടെ ഇഷ്ടപ്രകാരം ചെയ്യുന്നു എന്നതിലുപരി ഞാൻ അത് ചെയ്യുവാൻ സമർപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ ചെയ്യുന്നു. അതുകൊണ്ടാണ് എന്നെത്തന്നെ അതിനു വേണ്ടി സമർപ്പിച്ചത്. അതുകൊണ്ട് ഞാൻ ഇതു ചെയ്യട്ടെ. യാതൊന്നും മനുഷ്യനു വേണ്ടി ചെയ്യുന്നില്ല. തീർച്ചായയും ഇത് ദൈവത്തിനായി ചെയ്യുന്നു.

അംഗീകരിച്ച്, അതിനായി സമർപ്പിച്ചു, എന്റെ ജീവിതം ദൈവത്തിന് പ്രയോജനകരമായിത്തീരേണം. യേശു അവരോട് പറഞ്ഞത്, "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികക്കുന്നതു തന്നെ എന്റെ ആഹാരം" (യോഹ. 4:34). ഇതു തന്നെയാണ് എന്റെ ആഹാരം: അതിൽ ഞാൻ ശക്തിയായി വളർച്ച പ്രാപിക്കുന്നു; അതില്ലെങ്കിൽ ഞാൻ വേഗത്തിൽ ക്ഷീണിച്ചു, നശിച്ചു പോകുന്നു. ഇത് കർത്താവിന്റെ ജീവിത ലക്ഷ്യം ആണ്. "ഇതാ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു" (എബ്രാ. 10:9). ഇതായിരിക്കട്ടെ നമ്മുടെ ജീവിതത്തിന്റെ അത്യന്തിക ലക്ഷ്യം, വരുംകാലങ്ങളിലും ഇതു തന്നെ നമ്മൂടെ ജീവിത ലക്ഷ്യവും, ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു, (1 യോഹ.2:17).

❖

നമ്മുടെ വിശ്വാസം കർത്താവിലാകുന്നു

By Rich Carmicheal

" എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയില്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ.11:6).

ഈ ലക്കത്തിൽ വിശ്വാസത്തിന്റെ ഒരു പുതിയ പാഠം ഉൾക്കൊള്ളിച്ചിരിക്കുന്നു. നിങ്ങളുടെ ജീവിതത്തി ലും ശുശ്രൂഷയിലും ഇതിലെ ദൂതുകൾ പ്രയോജനകരമായിത്തീരും എന്ന് പ്രത്യാശിക്കുന്നു. എന്നാൽ അനേകരും വിശ്വസിക്കുന്നത് ഞങ്ങൾക്ക് ദൈവവുമായുള്ള ബന്ധത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു എന്നാണ്. ഇതാണ് വസ്തുതയെങ്കിലും ഞങ്ങൾ വിശ്വസിക്കുന്നു ഇതിലെ ദൂതുകൾ നിങ്ങളുടെ ജീവിതത്തെയും നടപ്പിനെയും ഏറെ സ്വാധീനിക്കും എന്നും ശു ശ്രൂഷയുടെ മണ്ഡലങ്ങളിൽ വ്യത്യാസങ്ങളുണ്ടാക്കും എന്നു വിശ്വസിക്കുന്നു. ആൻഡ്രൂമുറേ ഇപ്രകാരം എഴുതുന്നു, "വിശ്വാസം എന്നത് ആത്മീയ ജീവിതത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും സ്വഭാവഗുണങ്ങളും അനുഭവിച്ചറിയുന്നു എന്നും, അവിടുന്ന് ആരെന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും അറിയുന്നു. തന്നെ അംഗീകരിക്കയും തന്റെ സാന്നിദ്ധ്യം അന്വേഷിക്കയും ചെയ്യുന്നതിലൂടെ വിശ്വാസം ദൈവത്തെ ബഹുമാനിക്കുവാൻ കൂടുതൽ ഇടയാക്കുന്നു, എല്ലാം ദൈവത്തിൽ മാത്രം പ്രതീക്ഷയർപ്പിക്കുവാൻ നമ്മെ സഹായിക്കുന്നു. വിശ്വാസം ദൈവത്തെയും തന്റെ സ്ഥലത്തെയും മഹത്വത്തെയും നമുക്കു തരുന്നു; ദൈവം ആഗ്രഹിക്കുന്നത് വിശ്വാസവും ആഗ്രഹിക്കുന്നു; വിശ്വാസം ദൈവത്തിന്റെ സ്വന്തം വഴികളിലേക്ക് നമ്മെ നടത്തുന്നു; എല്ലാറ്റിലും തന്റെ വഴി നമ്മെ കാണിക്കുന്നു. വിശ്വാസം ആത്യന്തികമായി ദൈവത്തെ മഹത്വപ്പെടുത്തുന്നു.

" അവിടുന്ന് ആകുന്നു "

വേദഭാഗം പറയുന്ന രണ്ട് കാര്യങ്ങൾ വിശ്വസിക്കാനായി പറയുന്നത് ഒരു നിമിഷം ചിന്തിക്കുക. ആദ്യമായി ദൈവം ഉണ്ട് എന്ന് നാം വിശ്വസിക്കേണം. ഒരു

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

നമ്മുടെ വിശ്വാസം കർത്താവിലാകുന്നു

വ്യത്യാസവുമില്ല! ദൈവം ഉണ്ട്! അവിടുന്നു കാണപ്പെടുന്നില്ല എങ്കിലും, സംശയങ്ങളില്ലാതെ ഞങ്ങൾ വിശ്വസിക്കുന്നു, “പിതാവായ ദൈവമേ നമുക്കുള്ളൂ; അവൻ സകലത്തിനും കാരണഭൂതനാകുന്നു, അവനായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവ് നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു”.(1കൊരി. 8:6). എല്ലാറ്റിനും മുകളിലും എല്ലാറ്റിനും അപ്പുറത്തുമായി ഒരുവനും, സ്വയ ആസ്തിത്വം ഉള്ളവൻ, ഒന്നിനും ആവശ്യമില്ലാത്തവൻ, നിത്യനായ ഒരുവൻ, ആദിയും അന്തവിമില്ലാത്തവൻ, ഞാൻ ആകുന്നവൻ, ജീവിക്കുന്ന സത്യദൈവം, നിത്യൻ, അത്യുന്നതൻ, സർവ്വശക്തൻ, വിശ്വസ്തൻ, നല്ലവൻ, മാറ്റമില്ലാത്തവൻ. അവിടുന്ന് എല്ലാറ്റിനും എല്ലാം ആകുന്നു. തന്റെ വ്യക്തിത്വത്തിൽ നിലകൊള്ളുന്നവൻ അവിടുത്തെ പ്രകൃതി, അവിടുത്തെ സ്വഭാവം, അവിടുത്തെ ഗുണങ്ങൾ, അവിടുത്തെ പ്രവൃത്തികൾ എല്ലാം മഹത്വമുള്ളത്. അവിടുന്ന് മഹത്വവാൻ, ഉന്നതൻ, വിശുദ്ധനും പൂർണ്ണതയുള്ളവനും. അവിടുന്ന് നമ്മുടെ സൃഷ്ടിതാവ്. സ്വർഗ്ഗീയ പിതാവ്, പരിപാലകൻ, എല്ലാം നൽകുന്നവൻ, നമ്മുടെ പാറ നമ്മുടെ അഭയം, നമ്മുടെ സഹായകൻ. അവിടുന്ന് നമ്മുടെ ജീവന്റെ ഉറവിടം, സ്നേഹം, സത്യം പ്രത്യാശ സംരക്ഷണം, സഹായം, ആരോഗ്യം, രക്ഷ, ശക്തി, എല്ലാം എല്ലാം. യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു; അവന്റെ മഹിമ അഗോചരമത്രേ. തലമുറതലമുറയോട് നിന്റെ ക്രിയകളെ പുകഴ്ത്തി നിന്റെ വീര്യപ്രവൃത്തികളെ പ്രസ്താവിക്കും. നിന്റെ പ്രതാപത്തിന്റെ തേജസ്സുള്ള മഹത്വത്തെയും നിന്റെ അത്ഭുതകാര്യങ്ങളെയും ഞാൻ ധ്യാനിക്കും” (സങ്കീ. 145:3-5).

നമ്മുടെ ദൈവത്തെപ്പോലെ ഒരു ദൈവത്തിൽ വിശ്വാസം അർപ്പിച്ചാൽ എന്തു ചെയ്യും? എല്ലാ കാര്യങ്ങളും സാദ്ധ്യം! (മത്താ. 19:26). കർത്താവു താൻ ഇങ്ങനെ പറയുന്നു, “ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ല കാര്യവും ഉണ്ടോ?” (യിരെ. 32:27).

അവിടുന്ന് പ്രതിഫലം കൊടുക്കുന്നവൻ

രണ്ടാമതായി നമ്മുടെ വേദഭാഗത്തിൽ പറയുന്ന ദൈവം, തന്നെ അന്വേഷഷിക്കുന്നവർക്ക് പ്രതിഫലം നൽകുന്ന ദൈവം”. അവിടുന്ന് അനുഗ്രഹിക്കുന്നവനും പ്രതിഫലം കൊടുപ്പാൻ കഴിയുന്നവനും ആകുന്നു. അവിടുന്ന് നമുക്കു സമ്പന്നനായ സ്വർഗ്ഗീയ പിതാവ് ആകുന്നു, അവിടുന്ന് നമുക്കു നല്ല ദാനങ്ങൾ തരുന്നു, പരിശുദ്ധാത്മാവിനെയും തരുന്നു, ചോദിക്കുന്നതിലും അധികം തരുന്നു (മത്താ. 7:11) (ലൂക്കൊ. 11:13). അവിടുന്ന് നമുക്കു പരിശുദ്ധാത്മാവിനെ പകർന്നു തരുന്നു (പ്രവൃ. 2:17). അവിടുന്നു പരിശുദ്ധാത്മാവിനെ പകർന്നു തരുന്നതിലൂടെ തന്റെ സ്നേഹം പകർന്നു തരുന്നു (റോമ. 5:5). അവിടുന്ന് എല്ലാ കൃപയും നമുക്കു വർദ്ധിപ്പിച്ചു തരുന്നു. (2 കൊരി.9:8). തന്റെ ശക്തിയാൽ നമുക്കു, “എന്നാൽ ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ് വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്ന് ” (എഫെ. 3:20).

തന്റെ ഏറ്റവും വലിയ അനുഗ്രഹം എന്നത്, തീർച്ചയായും തന്നെത്തന്നെ നമുക്കു തന്നതാണ്. അബ്രഹാമേ ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവും ആകുന്നു (ഉല്പ. 15:1). നാം തന്നോട് അടുത്തുചെല്ലുമ്പോൾ അവിടുന്ന് പറയുന്നത്, ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തു വരും (യാക്കോ. 4:8). നാം അവിടുത്തെ അന്വേഷിച്ചാൽ കണ്ടെത്തും.

ദൈവം ആർ ആകുന്നു എന്ന് നാം പരിഗണിക്കുമ്പോൾ തന്നെക്കാളുപരി എന്തു പ്രതിഫലമാണ് നമുക്ക് തരാനുള്ളത് ! ദാവീദ് പറയുന്നു, “എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്കു യഹോവ ആകുന്നു; നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു. ജീവന്റെ വഴി നീ എനിക്കു കാണിച്ചു തരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വല്ത്തു ഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ട് ” (സങ്കീ. 73:25,26).

ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ സന്തോഷവും ബലവും നൽകുകമാത്രമല്ല, മറ്റനേകനന്മകൾ നമ്മുടെ ജീവിതത്തിൽ നൽകുന്നു. അവിടുന്ന് സമാധാനത്തിന്റെ ദൈവമാകുന്നു. നമ്മെ സമാധാനം കൊണ്ട് നിറെക്കുന്നു. “സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം ” (ഫിലി. 4:7). അവിടുന്ന് പ്രത്യാശയുടെ ദൈവമാകുന്നു, അവിടുന്ന് നമ്മെ, എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട്, നിങ്ങളെ നിറയ്ക്കുമാറാകട്ടെ (റോമ. 15:13). വീണ്ടും അനുഗ്രഹങ്ങൾ പകരപ്പെടുന്നു! അവിടുന്ന് ഞാൻ ആകുന്നവന്റെ നിറവിൽ നിന്നും അവിടുന്ന് ശുശ്രൂഷിക്കുന്നു. “മഹത്വത്തോടെ ധനത്തിന് ഒത്തവണ്ണം ” (ഫിലി. 4:19).

സന്തോഷത്തോടെ അവിടുത്തെ അന്വേഷിക്കുക

ഇപ്രകാരമുള്ള അനുഗ്രഹങ്ങൾ അത്, എല്ലാവർക്കും നൽകപ്പെടുന്നില്ല, എന്നാൽ, തന്നെ സന്തോഷത്തോടെ അന്വേഷിക്കുന്നവർക്കു മാത്രം. വീണ്ടും വിശ്വാസത്തിന്റെ കാരണം, കർത്താവിൽ തികച്ചും വ്യക്തിപരമായി മാത്രം. അവിടുന്ന് അരുളിചെയ്യുന്നു, നിങ്ങൾ എന്നെ അന്വേഷിക്കും, പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും (യിരെ. 29:13). ഈ നിലയിൽ അവിടുത്തെ വ്യക്തിപരമായ സ്വഭാവം കാണുക, നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന്, വാതിൽ അടച്ചു, രഹസ്യത്തിലുള്ള തന്റെ പിതാവിനോട് പ്രാർത്ഥിക്ക, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും (മത്താ. 6:6).

ആകയാൽ കർത്താവുമായുള്ള നമ്മുടെ ബന്ധം വളരെ പ്രധാനമാണ്. തന്നിൽ നിന്നും ശ്രദ്ധയെ തിരിക്കുന്ന വിഷയങ്ങളിൽ നിന്നും പൂർണ്ണമായി തനിക്ക് കൊടുക്കുക. നാം അവിടുത്തെ അന്വേഷിക്കേണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു, നമ്മുടെ ഹൃദയങ്ങളെ പൂർണ്ണമായി തനിക്ക് കൊടുക്കുക. നാം അവിടുത്തെ ബലം, അവിടുത്തെ മുഖം, തുടർച്ചയായി (1കൊരി. 16:11). തന്നോടു കൂടെ പ്രാർത്ഥനയിൽ ചെലവഴിപ്പാൻ താൻ ആഗ്രഹിക്കുന്നു, തന്റെ വചനത്തിലും ആരാധനയിലും ആയിരിപ്പാൻ അവിടുന്ന് ആഗ്രഹിക്കുന്നു. തനിക്കു വേണ്ടി നിൽപ്പാൻ താൻ വിളിക്കുന്നു. അവിടുത്തെ ദൈവം എന്നറിഞ്ഞു കൊൾവാൻ അവിടുന്ന് ആഗ്രഹിക്കുന്നു (സങ്കീ. 46:10). അവിടുത്തെ നാം ശ്രദ്ധി

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

നമ്മുടെ വിശ്വാസം കർത്താവിലാകുന്നു

ക്കേണം എന്നാഗ്രഹിക്കുന്നു. അനുസരിക്കേണം, താഴ്മയോടു കൂടി തന്നോട് ചേർന്ന് നടക്കണം.. അവിടുന്ന് തന്നോട് അടുപ്പിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു, തന്നിൽ നിന്നു ള്ള അനുഗ്രഹങ്ങൾ പ്രാപിപ്പാനായി താൻ വിളിക്കുന്നു. തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവർക്കും യഹോവ നല്ലവൻ" (വിലാ. 3:25).

അതുകൊണ്ട്, നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തുചെല്ലുക. പ്രത്യാശയുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക" (എബ്രാ. 10:22-24).

അവിടുന്ന് നമ്മിലും നമ്മുടെ ഹൃദയങ്ങളിലൂടെയും പ്രവർത്തിച്ചു അവിടുത്തെ ഇഷ്ടം നമ്മിൽ പൂർത്തീകരിക്കട്ടെ. എല്ലാം അവിടുത്തെ മഹത്വത്തിനാകട്ടെ. നമ്മുടെ വിശ്വാസം പൂർണ്ണമായി തന്നിൽ അർപ്പിക്കാം. ❖

വിശ്വാസവും ദീർഘക്ഷമയും

By J Oswald Sanders

" അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും" (എബ്രാ. 6:12).

വിശ്വാസം എന്നത് ക്ഷമയോടുകൂടിയ ഒരു ഓട്ടമാണ്. ദൈവം വാഗ്ദത്തം ചെയ്യുന്നു. വിശ്വാസം നിശ്ചയമായി അതിന്റെ ആഗ്രഹങ്ങൾ സ്വീകരിക്കുന്നു. അവർ വിശ്വാസത്താലത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കി. ഈ പ്രബോധനത്തിന്റെ സഹായത്താൽ, എഴുത്തുകാരൻ അബ്രഹാമിനെക്കുറിച്ചു, അവൻ ദീർഘക്ഷമയോടെ സഹിച്ചു കാത്തിരുന്നു, വാഗ്ദത്തങ്ങളെ അവകാശമാക്കി (എബ്രാ. 6:15). ക്ഷമയില്ലാതെ അത് പ്രാപിപ്പാൻ കഴിയുമോ?

ദൈവം വാഗ്ദത്തം ചെയ്തതിനും അതിന്റെ നിറവേറലിനുമിടയിൽ ഇരുപതിലധികം വർഷങ്ങൾ ഇതിനിടയിൽ യാതൊരു സൂചന യും ഇല്ലായിരുന്നു. പരീക്ഷകളിലൂടെ വിശ്വാസം വളരുന്നു, വിശ്വസിപ്പാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ അബ്രഹാം ദൈവം നൽകിയ ആ ഉറപ്പ് കൈവിട്ടില്ല. ദീർഘക്ഷമയോ ടെ കാത്തിരുന്നു. വാഗ്ദത്തം പ്രാപിച്ചു.

ദാവീദ് വാഗ്ദത്തം പ്രാപിച്ചതിനുശേഷം ഇരുപതു വർഷത്തിലധികം കാത്തിരുന്നു, ദൈവം വാഗ്ദത്തം ചെയ്ത സിംഹാസനം ലഭിക്കാനായി, ആ കാത്തിരുന്ന കാലയളവിൽ അനവധി പരീക്ഷകൾ തന്റെ ജീവിതത്തിലൂടെ കടന്നുപോയി. ദൈവത്തിന് വേണ്ടി കാത്തിരിക്കുന്നതിനെക്കാൾ പ്രയാസമാണു ദൈവത്തിൽ കാത്തിരിക്കുന്നത്. എന്നാൽ വിശ്വാസവും ദീർഘക്ഷമയും സിംഹാസനം യാഥാർത്ഥ്യമാക്കി.

യെരിഹോ പിടിച്ചെടുക്കുക എന്നത് വിശ്വാസത്തിന്റെയും ദീർഘക്ഷമയുടെയും ഫലമായുണ്ടായതാണ്. വിശ്വാസത്തിൻമേൽ ദൈവത്തിന്റെ വാഗ്ദത്തം നൽകപ്പെട്ടു (യോശു. 6:2). വിശ്വാസവും ദീർഘക്ഷമയും കൂടിയായപ്പോൾ യാഥാർത്ഥ്യമായി. ദൈവത്തിന്റെ കല്പന അനുസരിച്ച് പൂർത്തിയായപ്പോൾ മതിൽ വീണു.

വിശ്വസിക്കുന്നതിനെക്കാൾ പ്രയാസമാണ് കാത്തിരിപ്പ് എന്ന് തോന്നും. എന്നാൽ ദീർഘക്ഷമയോടെ കാത്തിരിക്കുക, " നീയല്ലാതെ ഒരു ദൈവം കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നത് പണ്ടു മുതൽ ആരും കേട്ടിട്ടില്ല" (യെശ. 64:4). ❖

വിശ്വാസം പരിശോധനകളിലൂടെ ബലപ്പെടുന്നു

By George Muller

നമ്മുടെ വിശ്വാസം, അത് ക്ഷീണമുള്ളതും തണുത്തതുമായി ആദ്യം അനുഭവപ്പെടുന്നു. അതിനെ ഇപയോഗിക്കുന്തോറും കൂടുതൽ ബലമുള്ളതായും ഉപയോഗമുള്ളതായും കാണപ്പെടുന്നു. വിജയത്തിനു മുമ്പ് നാം പരിശോധനകളെ ആവശ്യപ്പെടുന്നില്ല, ദയക്കായി ഒരു പരിചയവും നമുക്കാവശ്യമില്ല, ദൈവത്തിന്റെ കരങ്ങളിൽ നിന്നും ആവശ്യാനുസരണം നമുക്കു നൽകപ്പെടുന്നു, ഞാൻ പറയുന്നു, ഞാൻ വ്യക്തമായി പറയുന്നു. പരീക്ഷകളും പ്രയാസങ്ങളും, തടസ്സങ്ങളും ദു:ഖങ്ങളും, ആവശ്യങ്ങളും നമ്മുടെ വിശ്വാസത്തിന്റെ ഭക്ഷണ പദാർത്ഥങ്ങളാണ്.

വിശ്വാസത്തെ വർദ്ധിപ്പിച്ചു തരേണമെന്ന് ദൈവത്തോട് അപേക്ഷിക്കുക, നാം ആഗ്രഹിക്കുന്ന വർദ്ധനവ് ദൈവം നമുക്കു തരും. പരീക്ഷകളിലൂടെയും കഷ്ടങ്ങളിലൂടെയും നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുവാൻ ദൈവത്തെ അനുവദിക്കുക. ആ പരീക്ഷകളിലൂടെ നമ്മുടെ വിശ്വാസം അധികമധികമായി വർദ്ധിക്കുന്നു. ❖

വിശ്വാസത്തിന്റെ പോഷണങ്ങളും തടസ്സങ്ങളും

By George D. Watson

ആത്മീയ ജീവിതത്തിന്റെ നിലവാരമാണ് വിശ്വാസം, ആ ജീവിതത്തിലേക്കുള്ള പ്രവേശന കവാടമാണ് വിശ്വാസം, ആ ജീവിതത്തിലേക്കുള്ള വളർച്ചയുടെ പടികളാണ് വിശ്വാസം. ഇതിന്റെ പോഷണത്തിനുള്ള വഴികൾ നാം ചെയ്തു കൊടുക്കേണ്ടതാണ്. വിശ്വാസത്തെ പോഷിപ്പിച്ച് വളർത്തി ബലപ്പെടുത്തുവാൻ കഴിയും. വിശ്വാസത്തിന്റെ വളർച്ച പലപ്പോഴും നമ്മുടെ ചിന്തക്കു വിപരീതമാണ്.

നാം പലപ്പോഴും കരുതുന്നു, ഉത്സാഹത്തോടെ സ്വീകരിക്കുമ്പോൾ വിശ്വാസം വളരുന്നു, പ്രാർത്ഥനയുടെ ധാരാളം പെട്ടെന്നുള്ള മറുപടികൾ, സന്തോഷത്തിന്റെ ഉന്നതനിലവാരമുള്ള, ആത്മീക ജീവിതത്തിന്റെ നല്ല കാഴ്ചപ്പാടുകൾ അനവധിയുണ്ട്. യഥാർത്ഥത്തിൽ നാം ചിന്തിക്കുന്ന നിലവാരത്തിൽ വിശ്വാസം വളരുകയില്ല.

വിശ്വാസത്തിന്റെ പോഷണങ്ങൾ

നമ്മുടെ വിശ്വാസം ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്കനുസരിച്ചു വളരുന്നു. ആ വാഗ്ദത്തങ്ങൾ ദൈവത്തിന്റെ എഴുതപ്പെട്ട തിരുവചനങ്ങളിലുണ്ട്. ദൈവം ആദ്യം അബ്രഹാമിനെ വിളിക്കുമ്പോൾ, വാഗ്ദത്തത്തിന്റെ ഒരു കവിഞ്ഞൊഴുക്ക് നമുക്കു കാണാം. ദൈവം തന്നോട് നക്ഷത്രങ്ങളുള്ള ആകാശത്തെക്കുറിച്ച് സംസാരിച്ചു, താൻ നടക്കുന്ന കനാന്റെ മൺതരിക

(8-ാംപേജിന്റെ തുടർച്ച)

വിശ്വാസത്തിന്റെ പോഷണങ്ങളും തടസ്സങ്ങളും

ളെക്കുറിച്ച് സംസാരിക്കുന്നു. ദൂതന്മാരുടെ സന്ദർശനത്തെക്കുറിച്ച് സംസാരിക്കുന്നു, പരിശുദ്ധാത്മാവിന്റെ ആഴങ്ങളെക്കുറിച്ചു സംസാരിക്കുന്നു. അബ്രഹാം വെളിച്ചത്തിന്റെ വലിയ നിരകളെ കണ്ടു കാര്യങ്ങളുടെ വലിയ സാധ്യതകളും തലമുറയെ സംബന്ധിച്ച വാഗ്ദത്തങ്ങളും പ്രാപിച്ചു. തന്റെ ആത്മാവിൽ ഈ വാഗ്ദത്തങ്ങളെ പ്രാപിച്ചു, തന്റെ വിശ്വാസം വിശാലവും ശക്തമായതും ആയി, അവയിൽ ഒന്നുപോലും നിറവേറുന്നതിനു മുമ്പ്.

സമാനമായ രീതിയിൽ ദൈവം പ്രവർത്തിക്കുന്നു. ഒരു വ്യക്തിയെ ഉയർത്തുവാനും ഉപയോഗിക്കുവാനും ആഗ്രഹിച്ചു അവനെ വിളിക്കുമ്പോൾ തന്റെ വാഗ്ദത്തത്തിന്റെ ലോകത്തിലേക്ക് താൻ പ്രവേശിക്കുകയാണ്, അത് നിറവേറുംമുമ്പ് പുറമേയുള്ള അടയാളങ്ങളും ലഭിക്കയില്ല. ദൈവത്തിന്റെ വാഗ്ദത്തത്തിൽ ഉറച്ച്, അത് യാഥാർത്ഥ്യമാകുന്നതുവരെ ഉറച്ച വിശ്വാസമായി വളരുന്നു.

അടുത്തതായി വിശ്വാസത്തിനായി നാം ചെയ്യേണ്ടത് നമ്മുടെ മുമ്പിൽ നിന്നും സകല കന്മഷവും അകറ്റുക എന്നതാണ്. സ്വാഭാവികമായി നാം പ്രകൃതിയിൽ നിന്നും, സമൂഹത്തിൽ നിന്നും സഭയിൽ നിന്നും, കൂട്ടുകാരിൽ നിന്നും കൂടുതൽ കാര്യങ്ങൾ പഠിക്കേണം. നമ്മുടെ ചിന്തകൾ ആശകൾ ദൈവത്തിൽ മാത്രമാണ്. ഒരിക്കലും നമ്മിൽ നിന്നും മാറ്റപ്പെടുന്ന മറ്റൊന്നിലും അരുത്. അവ മാറിപ്പോകുന്നവയെങ്കിൽ, ചിന്തിക്കുക, ദൈവത്തിൽ തന്നെ ആശ്രയിക്കയത്രേ വേണ്ടത്. നാം ദൈവത്തിൽ തന്നെ പ്രത്യാശവെക്കുക, മറ്റെല്ലാം ഒന്നിനു പുറകേ ഒന്നായി നമ്മെ വിട്ട് മാറിപ്പോകും.

അനേകർക്ക് ഇത് അങ്ങോട്ട് ഉൾക്കൊള്ളുവാൻ സാധിക്കുന്നില്ല. വിശ്വാസത്തിന്റെ മാർഗ്ഗം സ്വീകരിപ്പാൻ അവർക്ക് കഴിയുന്നില്ല. എല്ലാ നിരാശകൾക്കും അവർ വശംവദരായത്തീരുന്നു. പ്രത്യാശ നശിച്ചുപോകുന്നു, കൂട്ടുകാരുടെ വേർപാട്, വസ്തുവകകളുടെ നഷ്ടങ്ങൾ, ശരീരത്തിലെയും മനസിലെയും മുറിവുകൾ, കൂട്ടുകാരുടെ തെറ്റായ ധാരണകൾ - എല്ലാം ഒരു കൊടുങ്കാറ്റുപോലെ തോന്നുന്നു, എല്ലാം ദൈവത്തിൽ മാത്രം ആശ്രയിപ്പാൻ നമ്മെ ഉപദേശിക്കുന്നു.

ദൈവത്തെ കൂടാതെയുള്ള എല്ലാ സഹായത്തിന്റെ കരങ്ങളും നീങ്ങിപ്പോകുന്നു, അത് അതിൽ തന്നെ ഒരു ആശ്രയവും കണ്ടെത്തുന്നില്ല. ഒടുവിൽ വിശ്വാസം അതന്റെ വളർച്ചയും വിശാലതയും പ്രാപിക്കുന്നു. ചെറിയ പ്രതീക്ഷകളിൽ വിശ്വാസം വളരുന്നു. കൊടുങ്കാറ്റുകളും പ്രയാസങ്ങളും, പരീക്ഷകളും വൈരുദ്ധ്യങ്ങളും അതിന്റെ കാൽകീഴെയായിരിക്കുന്നു.

ലോക ചിന്തകളെ പൂർണ്ണമായി മാറ്റുമ്പോൾ വിശ്വാസം പുഷ്ടിപ്പെടുന്നു. എന്നാൽ ദിവ്യമായ ആശ്വസിപ്പിക്കലുകളെ ഉപേക്ഷിക്കുന്നതായി തോന്നും. പ്രാർത്ഥനക്കുള്ള മറുപടി വളരെ താമസിക്കുന്നു എന്നു തോന്നും, വിശ്വാസം വളരെ പരീക്ഷിക്കപ്പെടുന്നു. ദൈവം നമ്മെ കൈവിട്ടതുപോലെ തോന്നും.

വിശ്വാസം നമ്മുടെ ചിന്തകൾക്കപ്പുറമായി വളർച്ച പ്രാപിക്കുന്നു. സുറഫോയ്നീക്യക്കാരിയായ സ്ത്രീക്ക് തന്റെ അപേക്ഷ നിരസിക്കുന്നു എന്ന് തോന്നി. അവൾ വിശ്വസിച്ചു, കാത്തുനിന്നു, വിശ്വാസത്തിന് ഫലമുണ്ടായി (മത്താ. 7:24-30). താമസിക്കുന്നു എന്ന് വിചാരിച്ച് മറുപടി കിട്ടാതെ പോകയില്ല, വിശ്വാസമാണ് എല്ലാം.

അടുത്തതായി വിശ്വാസത്തിന്റെ പോഷണം എന്നത്, മറ്റുള്ളവരുടെ വിശ്വാസത്തെ സംബന്ധിച്ച് ചിന്തിക്കയും പഠിക്കയും ചെയ്യുകയാണ്. മറ്റുള്ളവരുടെ പരിശ്രമ ജീവിതത്തെക്കുറിച്ച് വായിച്ചറിയുക, എല്ലാ അപൂർവ്വതകളെയും ഒഴിവാക്കി അവരുടെ വിശ്വാസത്തെക്കുറിച്ച് പഠിക്കുക. വിശ്വാസം വിശ്വാസത്തിന് തിരി കൊളുത്തുന്നു. ദൈവം മറ്റുള്ളവരോടുള്ള ഇടപെടലുകൾ എങ്ങനെയെന്നും ആ ദൈവം നമ്മോട് എങ്ങനെ ഇടപെടുന്നു എന്നും പഠിക്കുക. നമ്മുടെ വിശ്വാസം,വേദപുസ്തകവീരന്മാരുടെ വിശ്വാസത്തെക്കുറിച്ചുള്ള അറിവുകൾ നമ്മെ സന്തോഷവും ഉല്ലാസവുമുള്ളവരാക്കിത്തീർക്കുന്നു.

മറ്റൊന്ന്, ഓരോ ദിവസവും വ്യത്യസ്ത വഴികളിലാണ് നമ്മെ നടത്തുന്നത്, ഓരോ ദിവസവും തന്റെ വഴികളിൽ വ്യത്യാസമുള്ളതായിട്ടാണ് കാണപ്പെടുന്നത് എന്നത് മനസിലാക്കുമ്പോൾ നമ്മുടെ വിശ്വാസം പുഷ്ടിപ്പെടുന്നു. ഒരു പ്രത്യേക വഴിയിലൂടെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമുക്കായി ഒഴുകുന്നു, ആ ദൈവത്തിന്റെ വഴിയിൽ പ്രത്യാശവയ്ക്കുമ്പോൾ അറിയപ്പെടാത്ത ഉറവുകൾ നമുക്കായി തുറക്കുന്നു.

കർത്താവ് മരുഭൂമിയിൽ തന്റെ ജനത്തിന് വെള്ളം കൊടുത്തു, ചിലപ്പോൾ പാറയിൽ നിന്നുള്ള വെള്ളം ജനത്തിനു കൊടുത്തു. ചിലപ്പോൾ വരണ്ട മണലിൽ കുഴികൾ ഉണ്ടാക്കി അവർക്ക് വെള്ളം കൊടുത്തു (സംഖ്യ 21:16-18). ദൈവം ഒരു ആത്മീയ പുതുക്കം അവരിൽ അയക്കുമ്പോൾ, അവർ കടന്നു വന്ന പരിതസ്ഥിതിയെ അവിടുന്ന് വ്യത്യാസപ്പെടുത്താറുണ്ട്. പ്രാർത്ഥനയ്ക്കു മറുപടിയായി താൽക്കാലിക അനുഗ്രഹങ്ങളെ പകരുമ്പോൾ, അവർക്ക് അതിന്റെ വഴിയെ അവർക്ക് വ്യത്യാസപ്പെടുത്താറുണ്ട്. ഒരു രീതിയെതന്നെ നിങ്ങൾ ആശ്രയിക്കണം എന്ന് അവരോട് പറയുന്നില്ല. നമ്മുടെ വിശ്വാസം തന്നിൽ അർപ്പിക്കേണം എന്ന് താൻ ആഗ്രഹിക്കുന്നു. എന്നാൽ അനുഗ്രഹിക്കുന്ന വഴികൾ വ്യത്യസ്തമാണ്. തന്റെ അനന്തമായ ജ്ഞാനത്താൽ നമ്മെ അത്ഭുതപ്പെടുത്തുന്ന വഴികൾ നമുക്കായി ഒരുക്കി അവിടുന്ന് അനുഗ്രഹിക്കുന്നുണ്ട്.

ഇങ്ങനെ നമ്മുടെ നിരാശകളിലൂടെ വിശ്വാസം വർദ്ധിക്കുന്നു, വർദ്ധിച്ചു അങ്ങനെ ദൈവവുമായി പൂർണ്ണ ബന്ധത്തിലെത്തി ചേരുന്നു, ഇത് ഒരിക്കലും ആരെയും നോക്കുന്നില്ല, ഏതു വഴി ഏതു സാഹചര്യം എന്നു നോക്കുന്നില്ല, ആരുടെയും മനസോ, തോന്നലുകളോ സന്ദർഭമോ നോക്കുന്നില്ല. ശക്തമായ വിശ്വാസം, തന്നെത്താൻ സൂക്ഷിക്കുന്ന, സ്വതന്ത്രമായി സഞ്ചരിക്കുന്നു, അത് ദൈവത്തിൽ മാത്രം ആശ്രയിക്കുന്നു.

വിശ്വാസത്തിന്റെ തടസങ്ങൾ

മനുഷ്യഹൃദയത്തിന്റെ അവിശ്വാസമാണ് യേശുക്രിസ്തുവിനെപ്പോലും അത്ഭുതപ്പെടുത്തിയ തടസം. അത് എല്ലാ നിലയിലും മനുഷ്യ മനസാക്ഷിയെ തുളച്ചു ചെല്ലുന്നതാണ്.

വിശ്വാസത്തിന്റെ തടസം, അത് ചുറ്റുപാടുകളെ നോക്കുന്നു, ദൈവത്തിന്റെ സ്ഥിരമായ വാഗ്ദത്തങ്ങളിലേയ്ക്ക് നോക്കാറില്ല. പത്രോസ് വെള്ളത്തിന്മേൽ നടന്നപ്പോൾ പെട്ടെന്ന് മുങ്ങാൻ തുടങ്ങി,

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

വിശ്വാസത്തിന്റെ പോഷണങ്ങളും തടസ്സങ്ങളും

യേശു പറഞ്ഞു, “ അല്പ വിശ്വാസിയേ നീ എന്തിന് സംശയിച്ചു എന്നു പറഞ്ഞു” (മത്താ. 14:31) അവിടെ രണ്ട് കാര്യങ്ങൾ, പത്രോസിന്റെ ശ്രദ്ധയെ തെറ്റിച്ചുകളഞ്ഞു. ഒന്ന് കർത്താവ് പറഞ്ഞ വാക്ക്, രണ്ടാമത്തേത് വെള്ളത്തിന്റെ തിരമാലകൾ.

പത്രോസിന് വിശ്വാസം ഇല്ലായിരുന്നു, അവൻ കർത്താവിനോട് കൂടെ വെള്ളത്തിൽ നടക്കുവാനായി പത്രോസിന്റെ ഹൃദയത്തിൽ ആഗ്രഹമുണ്ടായി, എന്നാൽ അങ്ങനെ ചെയ്യുവാൻ തന്റെ കാലിന്റെ കീഴിൽ ഒരു പലക പിടിപ്പിച്ചതുപോലെ ഉറപ്പാക്കുവാൻ ഗുരുവിനോട് താൻ അപേക്ഷിക്കുന്നു. ആ ഉറപ്പു തന്നോടൊപ്പമുണ്ടായിരുന്നു, തന്റെ കണ്ണുകൾ തിരമാലകളിലേക്ക് നോക്കുന്നതുവരെ.

ഇവിടെ ഓരോ ജീവിതത്തിലും ഉണ്ടാകാവുന്ന ഒരു വൈരുദ്ധ്യം കാണാം. ഒരു വ്യത്യാസവും കൂടാതെ ദൈവത്തിൽ ആശ്രയിപ്പാനുള്ള വിശ്വാസം തനിക്കുണ്ട്. പുറമേയുള്ള കാര്യങ്ങളിലേക്ക് പെട്ടെന്ന് നോക്കിപ്പോകുന്ന അനുഭവങ്ങളും ഉണ്ട്. ഇതു കാണപ്പെടാത്ത സത്യവും കാണപ്പെടുന്ന തിരമാലകളും തമ്മിലുള്ള ഒരു യുദ്ധമാണ്. പാറയുടെ കടുപ്പമുള്ള ഉറപ്പും ഇളകുന്ന സമുദ്രവും. കാണപ്പെടുന്ന സമുദ്രവും തിരമാലകളും, തരിക എന്നുള്ള കർത്താവിന്റെ വാക്കും പരസ്പര വിരുദ്ധമായ രണ്ടു കാര്യങ്ങളാണ്.

തിരമാലകൾ ഒരിക്കലും ഒരുവനെ മുക്കുന്നതിൽ പരാജയപ്പെട്ടിട്ടില്ല, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ വചനം ഒരിക്കലും ആരെയും വഞ്ചിച്ചിട്ടുമില്ല. ഇവിടെ രണ്ട് വ്യത്യസ്ഥ കാര്യങ്ങൾ വ്യത്യസതമായി കാണപ്പെടുകയാണ് ചോദ്യം ഇതാണ്, ഇവയിൽ ഏതാണ് വലിയത്? ഇവിടെ ഏത് നിയമം തുടരും- പ്രകൃതിയുടെ ഗുരുത്വാകർഷണമോ, കർത്താവിന്റെ വചനമോ? കർത്താവിന്റെ വായിൽ നിന്നും വരുന്ന വരിക എന്ന ശബ്ദമാണോ കടലിന്റെ ഗുരുത്വാകർഷണ തത്വാകർഷണമോ ഏതാണ് കർത്താവിന്റെ വചനമാണോ നിറവേറുന്നത്. വെള്ളത്തിന് സ്വാഭാവികമായ ശക്തിയുണ്ട്. കർത്താവിന്റെ വാക്കിന് യഥാർത്ഥ ശക്തിയുണ്ട്.

നമ്മുടെ ജീവിതം ഈ തത്വത്തിൽ ജീവിക്കുന്നു. നാം ഇളകുന്ന സമുദ്രത്തിന്മീതെയാണ് ജീവിക്കുന്നത്. കാണുന്ന കാര്യങ്ങളിലോ കാണാത്ത സത്യത്തിലാണോ ജീവിക്കുന്നത്. കാറ്റ് വീശുന്നതിനെ നാം ശ്രദ്ധിച്ചാൽ യേശുവിന്റെ വാക്കിൽ ദൈവത്തിന്റെ സർവ്വശക്തി വെളിപ്പെടുന്നു. തിരമാലകളായ സഹചര്യങ്ങളിലേക്ക് നോക്കുകയാണെങ്കിൽ നമുക്ക് യേശുവിന്റെ ബലമുള്ള കരങ്ങളെ കാണാൻ കഴിയുകയില്ല. നാം ഒരുറച്ച യാഥാർത്ഥ്യം നിറഞ്ഞ വചനം അതിന്റെ മാറ്റമില്ലാത്ത സത്യങ്ങൾക്കു വേണ്ടി നില്ക്കേണ്ടതാണ്.

അടുത്തതായി വിശ്വാസത്തിന്റെ തടസം എന്നത് നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് നമുക്കു വിശ്വാസമില്ല എന്നതാണ്. വിശ്വാസം വിശ്വാസത്തിന് തിരികൊളുത്തുന്നു. തിവ്രമായ വിശുദ്ധി മറ്റുള്ളവരെയും അതിനായി പ്രേരിപ്പക്കുന്നു. വലിയ ഉണർവ്വുകളിൽ വിശുദ്ധന്മാർ വർദ്ധിക്കുന്നു. അത്തരത്തിലുള്ള വിശ്വാസമാണ് നമുക്കു വേണ്ടത്. എന്നാൽ നാം അതിൽ കുറഞ്ഞും വിശ്വാസികളെക്കാൾ താണനിലവാരം പുലർത്തുന്നവരും സംശയിക്കുന്നവരും ആയിപ്പോകാറുണ്ട്.

ഒരു പക്ഷേ ഏറ്റവും വലിയ തടസം എന്നത് ദൈവത്തോട്ഏകാഗ്രതയില്ലെന്നതാണ്. എബ്രായലേഖനത്തിന്റെ വാക്യം വായിച്ചിട്ടുണ്ടല്ലോ, “ ആകയാൽ സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുറ്റും നിൽക്കുന്നത് കൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്ക് മുന്നിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെകൂടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക ” (എബ്രാ. 12:1,2). ഏകാഗ്രതയിൽ തെറ്റുപറ്റിയാൽ വിശ്വാസത്തിൽ തെറ്റുപറ്റും.

ദൈവത്തിൽ ആശ്രയിക്കുക, മറ്റെല്ലാം ഉപേക്ഷിക്കുക. നിങ്ങളുടെ നിക്ഷേപം അനുസരിച്ചായിരിക്കും ബാങ്കിനു നിങ്ങളോടുള്ള ബാദ്ധ്യത. ദൈവത്തിലുള്ള ഏകാഗ്രത എല്ലാ പരിധികളെയും അകറ്റുന്നു, വിശ്വാസം ആഴങ്ങളിൽ വേരൂന്നുന്നു.

യഥാർത്ഥ ചോദ്യം ഇതല്ലേ എല്ലാറ്റിനും ഞാൻ എന്തിന് ദൈവത്തിൽ ആശ്രയിക്കേണം, എന്നാൽ ഞാൻ എന്തിന് എല്ലാറ്റിനും ദൈവത്തെ സംശയിക്കേണം? അവിടുത്തെ വാഗ്ദത്തങ്ങൾ എപ്പോഴെങ്കിലും തകർക്കപ്പെട്ടിട്ടുണ്ടോ? അവിടുന്ന് എപ്പോഴെങ്കിലും നമ്മെ നിരാശപ്പെടുത്തിയിട്ടുണ്ടോ? അഥവാ ചതിവ് ചെയ്തിട്ടുണ്ടോ? സത്യത്തിൽ അവിടുന്ന് പലപ്പോഴും നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കാറുണ്ട്, ഒടുവിൽ അതിന്റെ മോശമായ അന്ത്യത്തിൽ, തന്റെ അനന്തമായ കരുണയും കരുതലും നമ്മെത്തേടി എത്തും. ഒടുവിൽ, നമ്മുടെ ജീവിതത്തിന്റെ സങ്കീർത്തനങ്ങളിൽ തന്നിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.

❖